ഉത്തരം

(എ) ഇല്ല.

(ബി) ഇല്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

കൊടുങ്ങല്ലൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് ബസ് റൂട്ട് ആലപ്പുഴ വഴിയാക്കാൻ നടപടി

161 [618] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ഓപ്പറേറ്റിംഗ് സെന്ററിൽ നിന്നുമുള്ള കൊടുങ്ങല്ലൂർ-തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് തിരുവനന്തപുരത്തുനിന്നും വരുമ്പോൾ റൂട്ട് കോട്ടയം വഴിയാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം വരുമ്പോൾ പ്രതിദിനം ശരാശരി 6000 രൂപയുടെ കളക്ഷൻ കുറവുണ്ടാകുന്നത് കാണിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബസ്സിന്റെ റൂട്ട് മുമ്പ് ഉള്ളതുപോലെ ആലപ്പുഴ വഴിയാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 6000 രൂപയുടെ കുറവ് ഉണ്ടാകുന്നുണ്ട് എന്ന് പറയുന്നത് ശരിയല്ല. ജനുവരി മാസത്തെ കളക്ഷൻ പരിശോധിച്ചതിൽ ശരാശരി 2270 രൂപയുടെ കുറവ് കാണുന്നുണ്ട്.

(സി) നാഷണലൈസ്ഡ് റൂട്ടായ എം.സി. റോഡിൽ യാത്രാ സൗകര്യം നൽകുന്നതിനുവേണ്ടിയാണ് പ്രസ്തുത സർവ്വീസ് എം.സി. റോഡ് വഴി പോകുന്നത്.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്യൂരിറ്റി ഉദ്യോഗസ്ഥന്മാരുടെ ചുമതല

162 [619] ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് തമ്പാനൂർ ബസ്സ് സ്റ്റാന്റിൽ സെക്യൂരിറ്റി ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ; എങ്കിൽ അവരുടെ ജോലി എന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly